കാപ്പിയുടേയും കുരുമുളകിന്റേയും ഇറക്കുമതി

71 [3419] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിയുടേയും കുരുമുളകിന്റേയും ഇറക്കുമതി സംസ്ഥാനത്തെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാപ്പിയുടേയും കുരുമുളകിന്റേയും ഇറക്കുമതിക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാപ്പിയ്ക്ക്, ലോകവ്യാപാര സംഘടന നിബന്ധിത പരമാവധി ഇറക്കുമതി തീരുവയായ 100 ശതമാനമാണ് ഏർപ്പെടുത്തിയിട്ടുള്ള തീരുവ. കാപ്പിയുടെ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി ഇറക്കുമതി ചെയ്യപ്പെടുന്ന കാപ്പിക്ക് നിലവിലുള്ള ഇറക്കുമതി തീരുവ നിരക്കിൽ കുറയാതെ മൂല്യവർദ്ധനവ് നടത്തി മാത്രമേ അനുവദിക്കാവൂ എന്നും, കാപ്പിയുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി അതിനു കയറ്റുമതി സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളകിന്റെ ഇറക്കുമതിക്ക് പരമാവധി ചുമത്താവുന്ന ഇറക്കുമതി തീരുവ 116 ശതമാനമാണെങ്കിലും ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ഇറക്കുമതി തീരുവ 70 ശതമാനം മാത്രമാണ്. കുരുമുളകിന്റെ ക്രമാതീതമായ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഇറക്കുമതി, അവയുടെ ഗുണമേന്മയും മറ്റും പരിശോധിക്കുന്നതിനുവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള തുറമുഖങ്ങൾ വഴി മാത്രമായി നിജപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഡോ-ശ്രീലങ്കൻ സ്വതന്ത്ര വ്യാപാര കരാറിന്റെ മറവിൽ മറ്റു രാജ്യങ്ങളിൽ നിന്നും ഗുണമേന്മ കുറഞ്ഞതും വിലകുറഞ്ഞതുമായ കുരുമുളക് ഇറക്കുമതി ചെയ്യുന്നത് തടയുന്നതിന് സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നിബന്ധന ഫലപ്രദമായി വിനിയോഗിക്കണമെന്നും ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുനഃകയറ്റുമതിക്കായി ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളകിനു നിശ്ചിതതോതിൽ മൂല്യവർദ്ധനവ് ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പാഡി ബോർഡിന്റെ പ്രവർത്തനങ്ങൾ

72 [3423] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഡി ബോർഡ് ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ലുൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് പാഡി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പാഡി ബോർഡിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിലാണ് ഇപ്പോൾ നടത്തിവരുന്നത്;

(ഡി) സംസ്ഥാന വ്യാപകമായി ഗ്രാമീണതലത്തിൽ നെല്ലുൽപ്പാദനം പ്രോൽസാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാഡി ബോർഡ് രൂപീകരിച്ചിട്ടില്ല.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) സംസ്ഥാനത്ത് നെല്ലുൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിപ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(2) ഗ്രൂപ്പ് ഫാമിംഗ് പദ്ധതിപ്രകാരം ഹെക്ടറിന് 1000 രൂപാ നിരക്കിൽ സബ്സിഡി നൽകുന്നു.

(3) നെൽകൃഷി വികസന ഏജൻസികൾവഴി പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നു.

(4) കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. വിത്ത് പരിശോധന ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നു.

(5) നെൽകൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

(6) ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു.

(7) കൊയ്ത്തുകാലത്ത് സർക്കാർ വിപണയിലിടപെട്ട് കർഷകർക്ക് നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

(8) വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

(9) വിളനാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാരതുക ഇരട്ടിയാക്കിയിട്ടുണ്ട്.

(10) കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly